**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1205** **04-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി-മണിമല-കുളത്തുർമൂഴി കർഷക സൗഹൃദ ലിങ്ക് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന പൂർത്തിയാക്കാൻ ഭരണാനുമതി ലഭിച്ച കാഞ്ഞിരപ്പള്ളി- മണിമല-കുളത്തുർമൂഴി കർഷക സൗഹൃദ ലിങ്ക് റോഡ് നിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | കിഫ്ബി മുഖേന നടപ്പിലാക്കുന്ന കാഞ്ഞിരപ്പള്ളി - മണിമല - കുളത്തുർമൂഴി കർഷക സൗഹൃദ ലിംഗ് റോഡിന് 25 കോടി രൂപയ്ക്ക് ഭരണാനുമതിയും, കിഫ്ബിയിൽ നിന്നും 79.10 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് അലൈൻമെന്റ് സ്റ്റോൺ ഇടുന്ന പ്രവൃത്തി നടന്നുവരുന്നു. |
| (ബി) | പദ്ധതി പൂർത്തിയാക്കുന്നതിന് പുറമ്പോക്ക് കണ്ടെത്തി ബാക്കിയുള്ള ഭൂമി സൗജന്യമായി കണ്ടെത്തുന്നതിനുള്ള നടപടികൾ നിലവിൽ ഏത് അവസ്ഥയിലാണെന്ന് വിശദമാക്കാമോ; | (ബി) | ചങ്ങനാശ്ശേരി താലൂക്കിലെ പുറമ്പോക്ക് തിട്ടപ്പെടുത്തി നൽകുന്നതിനായി ചങ്ങനാശ്ശേരി തഹസിൽദാർക്ക് 20.06.2022 - ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ നൽകിയിട്ടുണ്ട്. ബാക്കി സൗജന്യമായി ലഭിക്കേണ്ട ഭൂമി, ഭൂവുടമകളുടെ സമ്മത പത്രത്തോടെ ലഭ്യമാക്കുന്ന നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. |
| (സി) | പ്രസ്തുത നടപടികൾ പൂർത്തിയാക്കി നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | ചങ്ങനാശ്ശേരി താലൂക്കിലെ പുറമ്പോക്ക് തിട്ടപ്പെടുത്തി നൽകുന്നതിനായി ചങ്ങനാശ്ശേരി തഹസിൽദാർക്ക് 20.06.2022 - ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ നൽകിയിട്ടുണ്ട്. ബാക്കി സൗജന്യമായി ലഭിക്കേണ്ട ഭൂമി, ഭൂവുടമകളുടെ സമ്മത പത്രത്തോടെ ലഭ്യമാക്കുന്ന നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ